LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഒരു കൂട്ടം ഹർജികളിന്മേൽ 18-6-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും അത്തരത്തിൽ അപ്ഗ്രഡേഷൻ ആവശ്യമുള്ള പക്ഷം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. പ്രസ്തുത വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയായശേഷം പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെയും സർക്കാരിന്റെ നയപരമായ തീരുമാനം അനുസരിച്ചും മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്തൽ

30(1077) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ 12-ാം ക്ലാസ് സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിയമസഭാംഗങ്ങളിൽ നിന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ടോ; അതിന്റെ പൂർണ്ണ വിവരം ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമുണ്ടാകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 10-12-2014-ൽ ബഹു. കാസർഗോഡ് എം.എൽ.എ ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഈ വിഷയം സംബന്ധിച്ച് സർക്കാരിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് 9-3-2015-ലെ72489/ എൻ 3/14/ പൊ.വി.വ. സർക്കാർ കത്ത് പ്രകാരം സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അധികൃതർക്ക് ആവശ്യമായ നടപടികൾക്കായി കൈമാറിയിരുന്നു. അതിനുശേഷം ഇതുസംബന്ധിച്ച് മറുപടിയൊന്നും നാളിതുവരെയും ലഭിച്ചിട്ടില്ല. എങ്കിലും ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമുണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.